**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2251** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഹരിത കേരള മിഷന്റെ ജലസംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഹരിത കേരള മിഷന്റെ ജലസംരക്ഷണ ഉപമിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത്; ആയതിലേക്ക് നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഹരിതകേരളം മിഷന്റെ ഉപമിഷനായ “ജലസമൃദ്ധി” പ്രവർത്തനങ്ങൾ സംയോജിത നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളിത്തത്തോടെയും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റിതലത്തിൽ സംയോജിത നീർത്തട പ്ലാനും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട മാസ്റ്റർപ്ലാനും തയ്യാറാക്കുന്ന പ്രവർത്തനമാണ് പൂർത്തിയാക്കിയത്. റിഡ്ജ-ടു-വാലി (നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേക്ക്) സമീപനം സ്വീകരിച്ചുകൊണ്ട് നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളിൽ, കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, കുളങ്ങൾ/ചിറകളുടെ സംരക്ഷണം, തോടുകൾ/നീർച്ചാലുകളുടെ സംരക്ഷണവും നീരൊഴുക്ക് സുഗമമാക്കലും, ഭൂജലപോഷണം വർദ്ധിപ്പിക്കുന്നതിനും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുമായി തടയണകളുടെ നിർമ്മാണം, തുടങ്ങിയ പ്രവൃത്തികൾക്കായി സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്ന് നാളിതുവരെയായി 1589.43 ലക്ഷം രൂപ (ഹരിത കേരളം ശീർഷകത്തിൽ നിന്നും) ചിലവഴിച്ചിട്ടുണ്ട്. ഹരിതകേരളം ക്ലാസ്സ് -I, ഹരിതകേരളം ക്ലാസ്സ് -II, റിനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് എന്നീ മൂന്ന് ശീർഷകങ്ങളിലാണ് മേൽപ്പറഞ്ഞ 1589.43 ലക്ഷം രൂപ വിനിയോഗിക്കപ്പെട്ടത്. |
| (ബി) | പുതിയ എന്തെല്ലാം പദ്ധതികളാണ് ജലസംരക്ഷണ ഉപമിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ജലസംരക്ഷണം, ഭൂജലപോഷണം, ജലസ്രോതസ്സുകൾ ശുചിയാക്കൽ, പ്രതിശീർഷ ജലലഭ്യത വർദ്ധിപ്പിക്കൽ, കാലാവസ്ഥാ മാറ്റം കൊണ്ട് ജലവിഭവ മേഖലയിലുണ്ടാകുന്ന ആഘാതം കുറയ്ക്കുംവിധമുള്ള പ്രവർത്തനങ്ങൾ, തോടുകൾ/ പുഴകൾ എന്നിവയിലെ നീരൊഴുക്ക് സ്ഥായിയാക്കും വിധമുള്ള പ്രവൃത്തികൾ എന്നിവയോടൊപ്പം |

| | | | | |
|---|---|---|---|---|
| | | | | നിർവ്വഹിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് രേഖപ്പെടുത്തുന്ന പ്രവർത്തനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറായിട്ടുണ്ട്. സാങ്കേതിക സമിതികളുടെ സഹായത്തോടെ അവ കൂടുതൽ മൂർത്തമാക്കി നിർവ്വഹണ പ്ലാൻ തയ്യാറാക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ അവയുടെ നിർവ്വഹണം നടത്താനുമാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതികൾ ശാസ്ത്രീയമായി, സാങ്കേതിക തികവോടെ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സംവിധാനവും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ഡാറ്റയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഹരിതകേരളം മിഷൻ വഴി സാധ്യമാക്കാനാകും. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും ജിയോ റഫറൻസ് ചെയ്ത വിവരങ്ങൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും റിപ്പോർട്ടായി തയ്യാറാക്കുന്നതിനും സഹായകരമായി ഹരിതകേരളം മിഷൻ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ "ഹരിതദൃഷ്ടി" ഉപയോഗപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ എന്നിവയിൽ നിന്നും കൃത്യമായ റിപ്പോർട്ടുകൾ ശേഖരിക്കാനാകും. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ഗുണഫലം സംസ്ഥാനതലത്തിൽ പരിശോധിക്കാൻ സാധിക്കും. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച മാപ്പത്തോൺ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളും ജലസ്രോതസ്സുകളും മറ്റ് പൊതു ആസ്തികളും ഡിജിറ്റൽ മാപ്പിലേക്ക് അടയാളപ്പെടുത്തുന്ന പ്രവർത്തനവും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ നീർച്ചാലുകളിൽ നടക്കുന്ന പ്രവർത്തനങ്ങളും ഈ മാപ്പുകളിൽ രേഖപ്പെടുത്താൻ കഴിയും. ജിയോ റഫറൻസിംഗ് ചെയ്ത് രേഖപ്പെടുത്തുന്ന ഈ വിവരങ്ങൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ